# പതിനാലാം കേരള നിയമസഭ

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 425**

**03.03.2020 ൽ മറുപടി നൽകേണ്ടത്**

## സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**മറുപടി**

ഡോ. ടി.എം.തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക എത്ര രൂപയായിരുന്നു, എത്ര മാസത്തെ തുകയാണ് കുടിശ്ശികയായി ഉണ്ടായിരുന്നത്; | നിലവിലെ സര്ക്കാര് അധികാരത്തില് വരുമ്പോള് സാമൂഹ്യ സുരക്ഷാ പെന്ഷന് ഇനത്തില് 1473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കള്ക്ക് വ്യത്യസ്ത രീതിയിലാണ്. നിലവിലെ സര്ക്കാര് അധികാരത്തില് വന്നതിന് ശേഷം പ്രസ്തുത കുടിശ്ശികയായ 1473.67 കോടി രൂപ 2016 ആഗസ്റ്റ് , 2017 ആഗസ്റ്റ് എന്നീ രണ്ട് ഘട്ടങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കുടിശ്ശിക എത്ര തവണയായാണ് വിതരണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സാമൂഹിക സുരക്ഷാ പെൻഷൻ എത്ര രൂപയായിരുന്നു, ഇപ്പോൾ എത്ര രൂപയാണ്; എത്ര തവണ ഇത് വർദ്ധിപ്പിച്ചു, ഓരോ തവണയും എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചത്, വിശദമാക്കാമോ; | എല്ലാ പെൻഷനുകളും 100 രൂപ വർദ്ധിപ്പിക്കുമെന്ന് 2020-21 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ഡി) | ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരായി ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ അവരുടെ | ഉണ്ട്. നിലവിലെ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി<br>1. 06/02/2017-ന് മുൻപ് രണ്ട് പെൻഷൻ വാങ്ങി വന്നിരുന്നവർക്ക് ആയത് തുടർന്നും ലഭിയ്ക്കുവാൻ |

| | | |
|---|---|---|
| | എണ്ണം ലഭ്യമാക്കാമോ, അങ്ങനെയുള്ളവരെ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | അർഹതയുണ്ട്.<br>2. വികലാംഗ പെൻഷൻ വാങ്ങുന്നവർക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ട്.<br>3. വികലാംഗ പെൻഷൻ ഒഴികെയുള്ള മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വികലാംഗരായ ഗുണഭോക്താക്കൾക്ക് വികലാംഗ പെൻഷന് അർഹതയുണ്ട്.<br>ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു. ഇവരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ട സാഹചര്യമില്ല. |

| പെൻഷൻ തരം | എണ്ണം |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4259 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 9453 |
| ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി / മാനസികമായി വെല്ലുവിളി നേരിടുന്നവർ | 6260 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 336 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | 1996 |

**അനുബന്ധം**

| നം | പെൻഷൻ ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള നിരക്ക് (രൂപ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വർദ്ധിപ്പിച്ച തവണ | ഓരോ തവണയും വർദ്ധിപ്പിച്ച തുക |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 600 | 3 | ആദ്യ തവണ 400 രൂപ പിന്നീട് 100 രൂപ വീതം |
| 2 | <u>വാർദ്ധക്യകാല പെൻഷൻ:</u><br>1. 75 വയസ്സു വരെയുള്ളവർക്ക് | 600 | 3 | ആദ്യ തവണ 400 രൂപ പിന്നീട് 100 രൂപ വീതം |
| | 2. 75 വയസ്സിനു മുകളിൽ | 1500 | ഇല്ല | ബാധകമല്ല |
| 3 | <u>വികലാംഗ പെൻഷൻ:</u><br>1. 40% വും അതിനു മുകളിലും 80% ൽ കുറവ് | 800 | 3 | ആദ്യ തവണ 200 രൂപയും പിന്നീട് 100 രൂപ വീതവും |
| | 2. 80% വും അതിനു മുകളിലും | 1100 | 1 | 200 രൂപ |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 800 | 3 | ആദ്യ തവണ 200 രൂപയും പിന്നീട് 100 രൂപ വീതവും |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 800 | 3 | ആദ്യ തവണ 200 രൂപയും പിന്നീട് 100 രൂപ വീതവും |

**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3085** | **22.02.2016-ൽ മറുപടിക്ക്**

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ**<br>**(തൃക്കരിപ്പൂർ)** | **ഡോ. എം.കെ. മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് തുടർന്നും നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകി വന്നിരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവ തുടർന്നു നൽകി വരുന്നുണ്ട്.

(ബി) പ്രസ്തുത പെൻഷനുകളിൽ ഏതൊക്കെ യാണ് ഇതുവരെയായി പ്രതിമാസ വർദ്ധനവായി ഉണ്ടായിട്ടുള്ളത്;

(ബി) മേൽപ്പറഞ്ഞ എല്ലാ ക്ഷേമ പെൻഷനുകളിലും പ്രതിമാസം പെൻഷൻ തുകയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ പട്ടികയിൽ കാണിക്കുന്നു.

| ക്രമ നം. | പെൻഷൻ ഇനം | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് നൽകിയിരുന്ന പെൻഷൻ തുക | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിലവിൽ നൽകുന്ന പെൻഷൻ തുക |
|---|---|---|---|
| 1 | ALP | 300 | 600 |
| 2 | IGNDPS<80 | 300 | 800 |
| | IGNDPS>80 | 300 | 1100 |
| 3 | IGNOAP<80 | 300 | 600 |
| | IGNOAP>80 | 300 | 1200 |
| 4 | IGNWP | 300 | 600 |
| 5 | UMWP | 300 | 800 |

(സി) ഇതിൽ നാളിതുവരെ എത്ര രൂപയുടെ കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്ന് ഓരോ പെൻഷനും തിരിച്ച് വ്യക്തമാക്കാമോ ?

(സി) കുടിശ്ശിക സംബന്ധിച്ച വിവരം

| ക്രമ നം | പെൻഷൻ ഇനം | കുടിശ്ശിക തുക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 3,66,09,21,915 |
| 2 | വികലാംഗ പെൻഷൻ | 1,66,69,68,167 |
| 3 | വിധവാ പെൻഷൻ | 5,53,19,02,532 |
| 4 | കർഷക തൊഴിലാളി പെൻഷൻ | 2,75,03,46,352 |
| 5 | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3568,57,056 |

1398

**സെക്ഷൻ ഓഫീസർ**

## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1644** **02.07.2015-ൽ മറുപടിക്ക്**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ക്ഷേമ പെൻഷനുകൾ

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**ഉത്തരം**

ശ്രീ. എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യ നീതിയും)
വകുപ്പു മന്ത്രി)

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏതെല്ലാം ക്ഷേമപെൻഷനുകളാണ് വിതരണം ചെയ്തു വരുന്നത്; ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണ്; ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും ക്ഷേമ പെൻഷന്റെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കായി എത്ര തുക വീതമാണ് വർദ്ധിപ്പിച്ചത് ;

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാപെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നീ 5 ഇനം പെൻഷനുകളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തു വരുന്നത്. ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപെൻഷനുകൾ | അനുവദിച്ചിട്ടുള്ള തുക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ (80 വയസ്സിന് മുകളിൽ പ്രായമുള്ളവർ) | 1200.00 |
| | (80 വയസ്സിന് താഴെ പ്രായമുള്ളവർ) | 600.00 |
| 2 | വികലാംഗ പെൻഷൻ (80% ത്തിന് താഴെ വൈകല്യമുള്ളവർ) | 800.00 |
| | 80% ത്തിന് മുകളിൽ വൈകല്യമുള്ളവർ) | 1100 |
| 3 | വിധവാ പെൻഷൻ | 800.00 |
| 4. | കർഷകതൊഴിലാളി പെൻഷൻ | 600.00 |
| 5 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 800.00 |

ഈ സർക്കാർ അധികാരമേറ്റ ശേഷം പെൻഷൻ തുക പല ഘട്ടങ്ങളിലായി 4 പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. അവ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ക്ഷേമ പെൻഷനുകൾ കൊടുക്കുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ; ഓരോ പെൻഷനിലും എത്ര മാസത്തെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ട്. കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപെൻഷനുകൾ | കുടിശ്ശിക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 2 | വികലാംഗ പെൻഷൻ. | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 3 | വിധവാപെൻഷൻ | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 4 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 5 | കർഷക തൊഴിലാളി പെൻഷൻ | ജൂലൈ 2014 മുതൽ( 10 മാസം) |

(സി) പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പെൻഷൻ കുടിശ്ശിക അടിയന്തിരമായി വിതരണം ചെയ്ത് തീർക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർ ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ പെൻഷനും നീക്കിവച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) നിലവിൽ ഓരോ പെൻഷനിലും എത്ര മാസത്തെ കുടിശ്ശിക വീതമാണുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; ഇത് കൊടുത്തു തീർക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് കുടിശ്ശിക പൂർണ്ണമായി കൊടുത്തു തീർക്കാൻ കഴിയും;

(ഇ)

| ക്രമ നം. | ക്ഷേമപെൻഷനുകൾ | കുടിശ്ശിക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 8 മാസം |
| 2 | വികലാംഗ പെൻഷൻ | 8 മാസം |
| 3 | വിധവാപെൻഷൻ | 8മാസം |
| 4 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾ ക്കുള്ള പെൻഷൻ | 8മാസം |
| 5 | കർഷക തൊഴിലാളി പെൻഷൻ | 10 മാസം |

കുടിശ്ശിക തീർക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർ ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

s://mail.google.com/mail/u/0/#inbox/